15.01.22

DESPATCHED
On.01/.2/.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 3022(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **18722**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.മമ്മു,
ട്രഷറർ, പത്തിരിയാൽ പൊതു വായനശാല&,
ഗ്രന്ഥാലയം, പത്തിരിയാൽ പി.ഒ., പിൻ – 676 123. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   തിരുവാലി ഗ്രാമപഞ്ചായത്ത് ഓഫീസ്,
   തിരുവാലി പി.ഒ., മലപ്പുറം ജില്ല.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.11.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.11.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29.11.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.മമ്മു, 26.11.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 29.11.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.3022(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന് അപ്പീൽ അധികാരി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം എസ്.പി.ഐ.ഒ നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതും അവ്യക്തവുമാണെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

**I** (1) പത്തിരിയാൽ പൊതുജന വായനശാലയുടെ ഉടമസ്ഥതയിലുള്ള ഗ്രൗണ്ട് ക്ലബ്ബ് 20 ആവശ്യപ്പെട്ടതു പ്രകാരം കളിക്കാൻ വേണ്ടി വിട്ടുകൊടുക്കാൻ തീരുമാനിച്ച പഞ്ചായത്ത് ബോർഡ് മീറ്റിംഗിന്റെ റസലൂഷൻ നമ്പരും തീയതിയും നൽകണമെന്നും

(2) ക്ലബ് 20 പത്തിരിയാൽ പൊതുജനവായനശാലയുടെ ഗ്രൗണ്ട് കളിക്കാൻ വേണ്ടി വിട്ടുകൊടുക്കാൻ പഞ്ചായത്തിൽ അപേക്ഷിച്ച അപേക്ഷയുടെ പകർപ്പ് നൽകണമെന്നും

(3) ഗ്രൗണ്ട് അനുവദിച്ചതിനു ശേഷം അനുമതി നിഷേധിക്കാനുണ്ടായ കാരണമെന്തായിരുന്നുവെന്നും

**II.** വണ്ടൂർ സബ് രജിസ്റ്റാർ ഓഫീസിലെ 2296/1991 ആധാരപ്രകാരം പത്തിരിയാൽ പൊതുജനവായനശാലയുടെ ഉടമസ്ഥാവകാശത്തിലുള്ള ഗ്രൗണ്ട് തിരുവാലി ഗ്രാമപഞ്ചായത്തിന്റേതാക്കി മാറ്റിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണെന്നും

**III.** ഏതെങ്കിലും പൊതു ആവശ്യത്തിനുവേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയാണോ ടി പൊതു സ്ഥാപനത്തിന്റെ ഗ്രൗണ്ട്

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതെന്നും ആണെങ്കിൽ എന്തായിരുന്നു പൊതു ആവശ്യമെന്നും തുടങ്ങി 5 ഇനങ്ങളിലും 18 ഉപയിനങ്ങളിലുമായുള്ള വിവര ങ്ങളാണ്. ആയതിന് 31.07.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപ ടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ തിരുവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ഗ്രാമപഞ്ചായത്ത് പൊതുബോധന അധികാരിക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 20.09.2014ന് തീർപ്പാക്കിയതും ടി മറുപടി തൃപ്തികരമല്ലെങ്കിൽ വിവരാവ കാശ നിയമം 2005 വകുപ്പ് 19(3) പ്രകാരം 90 ദിവസത്തിനകം ബഹു.സം സ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്നുമാണ് ഉത്തരവിൽ പരാമർശി ച്ചിരുന്നത്. ഒന്നാം അപ്പീൽ തീർപ്പാക്കിയതിനുശേഷമുള്ള പരാതിയുടെ മറുപ ടിയായി 01.11.2014നു ഹർജിക്കാരനു നൽകിയ കത്തിൽ, ഒന്നാം അപ്പീൽ ഹർജി തീർപ്പാക്കിയതിനു ശേഷം പൊതുബോധന അധികാരിയിൽ നിന്നും മറുപടി ലഭിക്കാത്തതിലോ ലഭിച്ച മറുപടികളിലോ ഉള്ള ആക്ഷേപം സ്വീകരി ക്കുന്നതിനോ പൊതുബോധന അധികാരിക്കെതിരെ നടപടികൾ സ്വീകരിക്കു ന്നതിനോ വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരമുള്ള ഒന്നാം അപ്പീൽ അധികാരി എന്ന നിലയിൽ ടി കാര്യാലയത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടികളും സ്വീകരിക്കാൻ നിർവ്വാഹമില്ല എന്നും ആയത് ബന്ധ പ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം കമ്മീഷൻ മുമ്പാകെ ഉന്നയിക്കാവു ന്നതാണെന്നുമാണ് അറിയിച്ചത്.

4. 08.01.2015നു രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, തിരുവാലി ഗ്രാമപഞ്ചായത്തിലെ പത്തിരിയാൽ പൊതുജന വായനശാലയുടെ ഉടമസ്ഥാവകാശത്തിലുള്ള ഗ്രൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയില്ല എന്ന ആക്ഷേപ മുന്നയിച്ചുകൊണ്ടാണ് അപ്പീൽ സമർപ്പിച്ചിരുന്നതെന്നും പ്രസ്തുത അപ്പീലും അനുബന്ധരേഖകളും പരിശോധിച്ചതിൽ പൊതുബോധന അധികാരിയെ നേരിൽ കേൾക്കുകയും അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 01.08.2014ന് മറുപടി നൽകിയെന്ന് ഡെസ്പാച്ച് രജിസ്റ്റർ സഹിതം ബോധിപ്പിക്കുകയും

ചെയ്തുവെന്നാണ്. ടി മറുപടി ഹർജിക്കാരന് ലഭിച്ചുവെന്ന് ഉറപ്പിക്കാനാകാത്ത സാഹചര്യത്തിൽ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരന് ഒരിക്കൽ കൂടി വിവരങ്ങൾ രജിസ്റ്റേർഡ് തപാലായി അയച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് 20.09.2014ന് ഒന്നാം അപ്പീൽ തീർപ്പാക്കിയെന്നുമാണ്. ടി അപ്പീൽ തീർപ്പാക്കലിനു ശേഷം വീണ്ടും ലഭിച്ച മറുപടിയിൽ ആക്ഷേപമുന്നയിച്ച് അപ്പീൽ സമർപ്പിച്ചു വെന്നും 6(1) അപേക്ഷയുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഹർജിക്കാരന്റെ ഒന്നാം അപ്പീൽ നേരത്തേതന്നെ ടി കാര്യാലയത്തിൽ നിന്നും തീർപ്പാക്കിയിരുന്നതിനാൽ ആയതു സംബന്ധിച്ച ആക്ഷേപങ്ങൾ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിന് ഹർജിക്കാരനെ അറിയിച്ചുവെന്നുമാണ്. കമ്മീഷന്റെ കത്തു ലഭിച്ചതിനെ തുടർന്ന് ഒന്നാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും അപ്പീൽ തീർപ്പാക്കിയ ഉത്തരവിനനുസൃതമായി ഹർജിക്കാരന് 14.10.2014ന് വിവരങ്ങൾ അയച്ചു നൽകിയിരുന്നുവെന്നും പത്തിരിയാൽ ഗ്രൗണ്ട് ക്ലബ്ബ് 20 ക്രിക്കറ്റ് മത്സരം നടത്താൻ വേണ്ടി വിട്ടുകൊടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നില്ലെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം 24.05.2014 മുതൽ 05.06.2014വരെ ഗ്രൗണ്ട് താൽക്കാലികമായി അനുവദിച്ച് നൽകിയെന്നും പത്തിരിയാൽ പൊതുജന വായനശാല& ഗ്രന്ഥാലയം സെക്രട്ടറിയുടെ 23.05.2014ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽമേൽ അനുമതി റദ്ദു ചെയ്തുവെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പത്തിരിയാൽ ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എന്നു മുതലാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയിട്ടുള്ളത് എന്ന വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നും ഹർജിക്കാരന്റെ 3-ാം ചോദ്യത്തിന് പരിശോധനയിൽ രേഖകൾ ലഭ്യമല്ല എന്ന മറുപടി 31.07.2014ലെ കത്തു പ്രകാരം നൽകിയതെന്നുമാണ്. എന്നാൽ ഒന്നാം അപ്പീൽ തീർപ്പാക്കിയ ഉത്തരവു പ്രകാരം മറുപടി തയ്യാറാക്കിയപ്പോൾ മൂന്നാമത്തെ ക്രമനമ്പർ വിട്ടുപോയതാണെന്നും ഹർജിക്കാരന്റെ ചോദ്യത്തിന് 5-ാം നമ്പറിൽ ക്രമനമ്പർ 1 മുതൽ 9വരെയും 10ഉം ഒഴിവാക്കി 11, 12 എന്നീ ഉപനമ്പറുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാലാണ് 5-ാമത്തെ ചോദ്യത്തിന് 1 മുതൽ 11വരെ എന്ന് മറുപടിയിൽ കാണിച്ചതും 12-ാം നമ്പർ ഒഴിവായിട്ടുള്ള

തും എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചുവെന്നുമാണ്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പത്തിരിയാൽ ഗ്രൗണ്ട് എന്നുമുതൽ ഏത് വിധേനയാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എത്തിച്ചേർന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നുംതന്നെ പരിശോധനയിൽ ലഭ്യമായിട്ടില്ലെന്നും തിരുവാലി വില്ലേജിൽ റി.സർവ്വെ 133/4ൽപ്പെട്ട 0.8200 ഹെക്ടർ സ്ഥലം ബി.ടി.ആർ. പ്രകാരം സാമൂതിരി രാജാവ് – കളിസ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും പത്തിരിയാൽ പൊതുജന വായനശാല പ്രസിഡന്റ് പേരിൽ 2013–14ൽ നികുതി അടവാക്കിയിട്ടുള്ളതായും തിരുവാലി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും തുക ചെലവഴിച്ച് മുൻ വർഷങ്ങളിൽ പത്തിരിയാൽ ഗ്രൗണ്ടിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും പൊതുജന വായനശാല സെക്രട്ടറിയുടെ 23.05.2014ലെ അപേക്ഷ പ്രകാരം അറിയാൻ കഴിഞ്ഞുവെന്നും എന്നാൽ ആയത് സംബന്ധിച്ചുള്ള യാതൊരു രേഖയും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരവും ബോധിപ്പിക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം എസ്.പി.ഐ.ഒ. നൽകിയ മറുപടി അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി പൂർണ്ണമായും മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. മാത്രമല്ല ടിയാന്റെ ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരിയുടെ നിർദ്ദേശവും ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ല. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാ

നുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 15–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★